**പതിനഞ്ചാം കേരള നിയമസഭ**

നാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2022 മാർച്ച് 17, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

20 (*181) ആഗോള നിക്ഷേപക സംഗമം

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഇലക്ട്രോണിക്സ്, ഭക്ഷ്യസംസ്കരണം തുടങ്ങിയ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് വ്യവസായ-വാണിജ്യ വകുപ്പ്, കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങളുടെ പാർക്കുകളിൽ ഭൂമി ലഭ്യമാണെന്നും കേന്ദ്ര പദ്ധതികളിലെ ഭൂമാനദണ്ഡം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും

നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യവസായ സംരംഭങ്ങൾക്ക് കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ അനുമതി ലഭ്യമാക്കുകയും നിയമങ്ങൾക്ക് വിധേയമായി 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ലൈസൻസുകൾ എടുക്കേണ്ടതില്ലെന്ന് തീരുമാനമെടുക്കുകയും ഇത്തരം വ്യവസായങ്ങൾക്ക് അനുമതി ലഭ്യമാക്കുന്നതിനായി ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ ഏകീകരിക്കാനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി Centralised Inspection System-വും സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനും മറ്റുമായി പരാതി പരിഹാര കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ദുബായ് എക്സ്പോയുടെ ഭാഗമായി രണ്ട് കമ്പനികൾ സ്ഥലം സന്ദർശിച്ച് തുടർ നടപടികൾ ആരംഭിക്കുകയും അസെൻഡ്-2020 ആഗോള നിക്ഷേപ സംഗമത്തിൽ സമർപ്പിക്കപ്പെട്ട പദ്ധതികൾ വിലയിരുത്തുന്നതിന് നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സംരംഭക വർഷമായി ആചരിക്കാനും ഒരു ലക്ഷം

സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ പ്രവർത്തനനിരതമാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും മറ്റുമായി 'മീറ്റ് ദി മിനിസ്റ്റർ', 'മീറ്റ് ദി ഇൻവെസ്റ്റർ' എന്നീ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും ഇതിലൂടെ 6,380 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ടെന്നും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇവയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും സ്റ്റാർട്ടപ്പുകൾക്കും പ്രവാസി സംരംഭങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും ഇവയ്ക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ ടെക്നോളജി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടെന്നും റബ്ബറിന്റെ മൂല്യവർദ്ധനവിനായി റബ്ബർ കമ്പനി രൂപീകരിച്ചിട്ടുണ്ടെന്നും പാലക്കാട് കോച്ച് ഫാക്ടറിക്കായി കൈമാറിയ സ്ഥലത്തിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നും സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

21 (*182) ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കൂടുതൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും 'ഇലക്ട്രിക് വെഹിക്കിൾ പോളിസി'-യുടെ ഭാഗമായി ആറുജില്ലകളിൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇവ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. പൊതുജനങ്ങൾക്കുകൂടി ഉപയോഗപ്രദമാകുംവിധം സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യാപാര-വ്യവസായ സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ പേ ആൻഡ് ചാർജ് അടിസ്ഥാനത്തിൽ ഇവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾ, ഇരുചക്ര വാഹനങ്ങൾ, ഇലക്ട്രിക് കാറുകൾ എന്നിവയ്ക്കായി പോൾ മൗണ്ട് ചാർജ്ജിംഗ് സ്റ്റേഷനുകളും ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിക്കുന്നതിന് പദ്ധതികളാരംഭിച്ചിട്ടുണ്ടെന്നും ഇലക്ട്രിക് വാഹനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പ്രചാരം വർദ്ധിപ്പിക്കുന്നതിനുമായി "ഗോ ഇലക്ട്രിക് ക്യാമ്പയിൻ" സംഘടിപ്പിക്കുകയും

ഇവ വിലകുറച്ച് വാങ്ങുന്നതിന് സൗകര്യമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സോളാർ ഉപയോഗിച്ച് ബാറ്ററി ചാർജ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന സ്വകാര്യ സംരംഭകർക്ക് സബ്സിഡി നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

22 (*183) ജി.എസ്.ടി. വരുമാനച്ചോർച്ച തടയാൻ സംവിധാനം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനും ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനും മറ്റുമായി വാണിജ്യനികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ഓഡിറ്റ് ടീമുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും കേരളം 01.03.2022 മുതൽ GSTN വികസിപ്പിച്ച ബാക്കെൻഡിലേയ്ക്ക് മാറിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. നികുതി വെട്ടിപ്പിനെ സംബന്ധിച്ച് അവബോധം നൽകുന്നതിന് വിവിധ

പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും നികുതി വകുപ്പിൽ 'ഇ-ഫയൽ' സംവിധാനമേർപ്പെടുത്തിയിട്ടുണ്ടെന്നും 'ഇ-വേ' ബിൽ കർശനമാക്കുമെന്നും വ്യാപാരികൾക്ക് ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ടെന്നും നികുതി വെട്ടിപ്പ് നടത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.